**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **08-10-2024 - ൽ മറുപടിയ്ക്ക്**

**നിക്ഷേപകരെ ആകർഷിക്കാൻ റൗണ്ട് ടേബിളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ രംഗത്ത് നിക്ഷേപകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന റൗണ്ട് ടേബിളുകളിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്നും ഏതെല്ലാം റൗണ്ട് ടേബിളുകളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (എ) | കേരളത്തിലേക്ക് നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ 2025 ഫെബ്രുവരി സംഘടിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ആഗോള നിക്ഷേപക സംഗമവുമായി ബന്ധപ്പെട്ട് വ്യവസായ നയത്തിൽ പ്രഖ്യാപിച്ച 22 മുൻഗണനാ മേഖലകളിൽ നിന്നും വർഗ്ഗീകരിക്കപ്പെട്ട 12 മേഖലകളിൽ റൗണ്ട് ടേബിളുകൾ/മേഖലാതല സമ്മേളനങ്ങൾ, നിക്ഷേപ കൂട്ടായ്മകൾ, ഉച്ചകോടികൾ എന്നിവ സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നു. ഇതിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ഫുഡ് ടെക്നോളജി, ലോജിസ്റ്റിക്സ് & മാരിടൈം എന്നീ മേഖലകളിൽ ഉള്ള സമ്മേളനങ്ങൾ കഴിഞ്ഞു. കൂടുതൽ മേഖലകളിലെ സമ്മേളനങ്ങൾ ആഗോള നിക്ഷേപക സംഗമത്തിന് മുൻപായി നടത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടി പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ വ്യവസായികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും, അത് പരിഹരിക്കുവാനും, അവരുമായി നല്ല ബന്ധത്തിൽ ഏർപ്പെടുവാനും, അത്യാധുനിക സാങ്കേതിക വിദ്യകൾ കേരളത്തിൽ കൊണ്ട് വരുവാനും, പുതിയ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാനും സഹായകമാവും.<br><br>നിർമ്മിത ബുദ്ധി, റോബോട്ടിക്സ് മേഖലകളിൽ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സംഘടിപ്പിച്ച സമ്മേളനങ്ങൾ പങ്കാളിത്തം കൊണ്ടും ഉള്ളടക്കം കൊണ്ടും പ്രദർശനത്തിലെ വൈവിധ്യം കൊണ്ടും ലോക ശ്രദ്ധ ആകർഷിച്ചവയായിരുന്നു.<br><br>കൂടാതെ ലോജിസ്റ്റിക്സ് & മാരിടൈം മേഖലാ സമ്മേളനങ്ങളും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുവാനും, നിക്ഷേപകർക്ക് പുതിയ അവസരങ്ങളെപ്പറ്റി മനസ്സിലാക്കുവാനും, വ്യാവസായിക ബന്ധങ്ങൾ കെട്ടിപ്പടുക്കുവാനും, ഒട്ടനവധിപേർക്ക് തൊഴിൽ നേടുവാനും, ഇതിലൂടെ സുസ്ഥിര വികസനം സാധ്യമാകുവാനും ഉതകുന്ന |

രീതിയിലുള്ളവയായിരുന്നു. ഇത്തരത്തിലുള്ള നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചതിലൂടെ, സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തിക അഭിവൃദ്ധിയ്ക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിലെ മുഖ്യധാരാ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ റോഡ് ഷോകൾക്കും വിവിധ സംസ്ഥാനങ്ങളിൽ വിജയകരമായി തുടക്കം കുറിച്ചിരിക്കുന്നു. ചെന്നൈ, കോയമ്പത്തൂർ, ബാംഗ്ലൂർ എന്നീ പ്രധാന വ്യവസായ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച സമ്മേളനങ്ങളിലൂടെ അതാത് പ്രദേശത്തെ പ്രധാനപ്പെട്ട നിരവധി വ്യവസായികളാണ് കേരളത്തിന്റെ നിക്ഷേപ സാധ്യതകളിൽ ആകൃഷ്ടരായി നിക്ഷേപത്തിനും പുനർനിക്ഷേപത്തിനും സന്നദ്ധത അറിയിച്ചത്.

സംസ്ഥാനത്തേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40-ൽ അധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70-ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭങ്ങളുമായുള്ള ചർച്ചകളും അവസാന ഘട്ടത്തിലാണ്. മറ്റുള്ളവ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

ഇപ്രകാരം നിക്ഷേപകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന വിവിധ റൗണ്ട് ടേബിളുകളുടെയും മേഖലാ തല സമ്മേളനങ്ങളുടെയും നിക്ഷേപ കൂട്ടായ്മകളുടെയും ഉച്ചകോടികളുടെയും ഭാഗമായുള്ള നിക്ഷേപങ്ങളിന്മേലുള്ള ചർച്ച പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നിക്ഷേപങ്ങൾ അതിന്റെ പൂർണ്ണത പ്രാപിച്ചതിനു ശേഷം മാത്രമേ അവയുടെ മൂല്യം തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന റൗണ്ട് ടേബിളുകൾ നടത്താൻ ഉദ്ദേശിച്ചിരിക്കുന്നു.

- ജൈറ്റക്സ് നോർത്ത് സ്റ്റാർ, ദുബായിൽ ഇന്ത്യാ സ്റ്റാർട്ടപ്പ് കോൺഫ്ലുവൻസ് എന്ന പേരിൽ ഹൈ നെറ്റ് വർത്ത് ഇൻഡിവിഡ്യുവൽസ്, ഇൻവസ്റ്റേഴ്സ് എന്നിവർക്കായി റൗണ്ട് ടേബിൾ

| | | | |
|---|---|---|---|
| | | | നടത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത റൗണ്ട് ടേബിളിൽ നിന്നും ഏകദേശം 10 കോടി രൂപയുടെ സ്റ്റാർട്ടപ്പ് ഇൻവെസ്റ്റ്മെന്റ് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>• ഹഡിൽ ഗ്ലോബൽ ഒക്ടോബർ 28,29,30 തീയതികളിലായി തിരുവനന്തപുരത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നു. സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ, കോർപ്പറേറ്റുകൾ മെന്റർമാർ, സർക്കാർ പ്രതിനിധികൾ, ഗവേഷകർ തുടങ്ങി സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയിട്ടുള്ള ഹഡിൽ ഗ്ലോബൽ പരിപാടിയിൽ റൗണ്ട് ടേബിൾ നടത്താൻ ഉദ്ദേശിക്കുന്നു. വിപണനവും നിക്ഷേപവും ലഭ്യമാക്കുന്നതിലൂടെ സ്റ്റാർട്ടപ്പുകളിലേക്ക് ഏകദേശം 20 കോടിയിലധികം രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ